# യോഹന്നാന്റെ ജീവപഠനം

## ദൂത് ഇരുപത്തിയഞ്ച്

## ജീവന്റെ ഫലവും പെരുക്കവും

## (1)

ഈ ദൂതിൽ യോഹന്നാന്റെ സുവിശേഷത്തിലെ മറ്റൊരു പ്രധാന ഉപവിഭാഗത്തിലേക്ക് നാം വരുന്നു. ഈ സുവിശേഷം രണ്ടു ഭാഗങ്ങൾ കൂടിച്ചേർന്നതാണ് എന്നു നാം കണ്ടു: ദൈവത്തെ മനുഷ്യനിലേക്ക് കൊണ്ടുവരുവാൻ നിത്യവചനമായവൻ ജഡാവതാരമെടുക്കുകയും(അദ്ധ്യായം 1-13), മനുഷ്യനെ ദൈവത്തിലേക്ക് കൊണ്ടുവരുവാനുള്ള വഴി ഒരുക്കുവാൻ യേശു ക്രൂശിക്കപ്പെടുകയും ക്രിസ്തു പുനരുത്ഥാനം ചെയ്യുകയും ദൈവത്തിന്റെ നിവാസം കെട്ടുപണി ചെയ്യുവാൻ വിശ്വാസികളിൽ ആത്മാവായി വസിക്കുകയും ജീവിക്കുകയും ചെയ്യുന്നു(അദ്ധ്യായം 14-21). ആദ്യത്തെ പ്രധാനഭാഗത്തെ, ആദ്യത്തെ മൂന്ന് ഉപവിഭാഗങ്ങൾ നാം നേരത്തേ കണ്ടുകഴിഞ്ഞു: ജീവനും കെട്ടുപണിക്കും ഒരു മുഖവുരയും(1:1-51) ജീവന്റെ പ്രമാണവും ജീവന്റെ ഉദ്ദേശ്യവും(2:1-22) മനുഷ്യന്റെ ഓരോ കാര്യത്തിന്റെയും ആവശ്യം ജീവൻ നിറവേറ്റുന്നതും(2:23-11:57). ജീവന്റെ തത്ത്വം മരണത്തെ ജീവനായി മാറ്റുന്നതും(2:1-11) ജീവന്റെ ഉദ്ദേശ്യം ദൈവത്തിന്റെ ഭവനം കെട്ടുപണിയുക എന്നതും(2:12-22) ആണ്. മൂന്നാം അദ്ധ്യായം മുതൽ ദൈവോദ്ദേശ്യം നിറവേറ്റുന്നതിനുവേണ്ടി മനുഷ്യരാശിയുടെ ഓരോ ആവശ്യവും ക്രിസ്തു ജീവനായി എങ്ങനെ നിറവേറ്റുന്നു എന്ന് വിവരിക്കുന്ന ഒൻപത് സംഭവങ്ങൾ നാം കാണുന്നു. ഇത് പതിനൊന്നാം അദ്ധ്യായത്തിന്റെ അന്ത്യത്തിലേക്ക് നമ്മെ കൊണ്ടുവരുന്നു. ഇതിനുശേഷം പന്ത്രണ്ടാം അദ്ധ്യായത്തിൽ ക്രിസ്തു മനുഷ്യന് ജീവനായിരിക്കുന്നതിന്റെ അനന്തരഫലം സഭയെ ഉളവാക്കുക എന്നാണെന്ന് ഈ സുവിശേഷം വെളിപ്പെടുത്തുന്നു. വിരുന്നു ഭവനമായ സഭ, കർത്താവിന് വിശ്രമിക്കുവാനും അവന് സംതൃപ്തി നേടുവാനും കഴിയുന്ന ഇടമാണ്. ക്രിസ്തു മനുഷ്യന് ജീവനായിരിക്കുന്നതിന്റെ ഫലമാണ് സഭ. പിന്നെ എന്താണ് ജീവന്റെ പെരുക്കം?

പന്ത്രണ്ടാം അദ്ധ്യായത്തിൽ നാം ഒരു ചെറിയ സഭയെ കാണുന്നു. അത് എണ്ണത്തിലും വലുപ്പത്തിലും ജീവന്റെ വളർച്ചയിലും ചെറുതാണ്. എങ്ങനെ ഈ സഭയ്ക്ക് പെരുകുവാൻ കഴിയും? ജീവന്റെ പെരുക്കത്താൽ. ജീവന്റെ ദൃശ്യപ്രഭാവം സഭയെ ഉളവാക്കുന്നു; ജീവന്റെ പെരുക്കം സഭയെ വലുപ്പത്തിലും എണ്ണത്തിലും ജീവന്റെ വളർച്ചയിലും വർദ്ധിപ്പിക്കുവാൻ വേണ്ടി ആണ്.

## I. ജീവന്റെ ഫലം

പന്ത്രണ്ടാം അദ്ധ്യായം അതായിത്തന്നെ നിലകൊള്ളുന്നു. അത് മുമ്പിലത്തെ ഒൻപത് സംഭവങ്ങളുടെ തുടർച്ചയല്ല; അവയുടെയെല്ലാം തീർപ്പാണ്. ഒൻപത് സംഭവങ്ങളുടെ തീർപ്പ് ജീവനായ ക്രിസ്തു സഭയായി ഭവിക്കുന്നു എന്നതാണ്. 12:1-11-ൽ നാം ജീവന്റെ ഫലമായ സഭയെ കാണുന്നു.

### A. വിരുന്നുഭവനം

പതിനൊന്നാം അദ്ധ്യായത്തിൽ കർത്താവ് ലാസറിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചു. ആ പുനരുത്ഥാനം സഭാജീവിതത്തിൽ ഫലിച്ചു. നാം എല്ലാവരും മരിച്ച വ്യക്തികളായിരുന്നു. അപ്പോൾ കർത്താവ് നമ്മെ ഉയിർപ്പിക്കുവാനായി വന്നു. അവൻ നമ്മെ ഉയിർപ്പിച്ചതിനു ശേഷം നാം സഭയായിത്തീർന്നു. അങ്ങനെ, പതിനൊന്നാം അദ്ധ്യായത്തിൽ ലാസറിനെ ഉയിർത്തപ്പെട്ടവനായി നാം കാണുന്നു; പന്ത്രണ്ടാം അദ്ധ്യായത്തിൽ ഉയിർത്തപ്പെട്ട വ്യക്തിതന്നെ കർത്താവിന് വിശ്രമവും സംതൃപ്തിയും കണ്ടെത്താനാകുന്ന ഇടം ആയിത്തീരുന്നതും നാം കാണുന്നു. ഇതാണ് സഭ. ഇനി, സഭയെ വിരുന്നുഭവനമായി നാം കരുതണം.

#### *1. മതത്തിന് പുറത്ത്*

ഈ വിരുന്നുഭവനം മതത്തിന് പുറത്താണ്. അത് യെരുശലേമിലോ വിശുദ്ധ നഗരത്തിലോ വിശുദ്ധ മന്ദിരത്തിലോ ആയിരുന്നില്ല. അത് യെരുശലേമിനും മതത്തിനും പുറത്തുള്ള ബേഥാന്യയിലെ ഒരു ചെറിയ ഭവനത്തിൽ ആയിരുന്നു.

തങ്ങളുടെ എല്ലാ ആവശ്യങ്ങളും നിറവേറ്റുവാൻ കർത്താവ് ജനത്തിന് ജീവനാണ് എന്നത്, യെഹൂദമതം അവനെ പുറന്തള്ളുവാൻ ഇടയാക്കി. ഇത്രയേറെ തരത്തിലുള്ള ആളുകളുടെ ജീവനായി കർത്താവിനെ കാണുന്നത് യെഹൂദമതത്തിന് സഹിക്കുവാൻ കഴിഞ്ഞില്ല. അതുകൊണ്ട്, മതാനുസാരികൾ ജീവനായ കർത്താവിനെ തിരസ്കരിച്ചു. ഈ തിരസ്കരണം അഞ്ചാം അദ്ധ്യായത്തിൽ ആരംഭിക്കുകയും(വാ.16,18) പത്താം അദ്ധ്യായത്തിൽ അതിന്റെ മൂർദ്ധന്യത്തിലെത്തുകയും ചെയ്തു(വാ.31,39). കർത്താവ് ലാസറിനെ മരിച്ചവ

രിൽനിന്ന് ഉയിർത്തിയതിനാൽ പിതിനൊന്നാം അദ്ധ്യായത്തിൽ കർത്താവിനെ കൊല്ലുന്നതിനെക്കുറിച്ച് യെഹൂദമതാനുസാരികൾ കൂടിയാലോചന നടത്തുകപോലും ചെയ്തു(11:53,57). ഇതേ കാരണത്താൽ, ലാസറിനെയും കൊല്ലുവാൻ യെഹൂദനേതാക്കന്മാർ ഗൂഢാലോചന നടത്തി(12:10). ജീവനായ കർത്താവിന് മതം എത്രമാത്രം എതിരാണ് എന്ന് ഇത് കാണിക്കുന്നു. അത് കർത്താവിനെ പീഡിപ്പിക്കുവാൻ മാത്രമല്ല, കർത്താവിൽ ജീവനായി പങ്കുപറ്റിയവരെ നശിപ്പിക്കുവാനും ശ്രമിച്ചു. മതം എല്ലായ്പ്പോഴും കർത്താവിനെ ജീവൻ എന്ന നിലയിൽ നിരസിക്കുകയും പരിത്യജിക്കുകയും ചെയ്യുന്നു.

യോഹന്നാന്റെ സുവിശേഷം പഠിക്കുമ്പോൾ മതവും ജീവനായ ക്രിസ്തുവും തമ്മിലുള്ള വ്യത്യാസം നാം കാണണം. കർത്താവായ യേശു തന്റെ ജഡാവതാരത്തിൽ ഭൂമിയിലേക്ക് വന്നത് ഒരു മതനേതാവ് ആയിരിക്കുവാനല്ല, പിന്നെയോ മനുഷ്യനിലേക്ക് വരുവാനും മനുഷ്യന്റെ ജീവനായിരിക്കുവാനും ആയിരുന്നു. മൂന്നാം അദ്ധ്യായത്തിലെ വീണ്ടുംജനനം എന്ന ആദ്യസംഭവം മുതൽ പതിനൊന്നാം അദ്ധ്യായത്തിലെ പുനരുത്ഥാനം എന്ന അവസാനസംഭവം വരെ, കർത്താവ് ചെയ്തതെല്ലാം യെഹൂദമതത്തിനു പുറത്തുള്ള ജനത്തിന് ജീവനായി തന്നെത്തന്നെ നല്കുവാനായിരുന്നു. ജീവൻ അല്ലാത്ത മറ്റൊരു കാഴ്ചപ്പാടിൽ നിന്നുകൊണ്ട് ക്രിസ്തുമതം ഉൾപ്പെടെയുള്ള മതത്തെ നോക്കിയാൽ നാം വേഗം വഞ്ചിക്കപ്പെടുകയും വഴിതെറ്റിപ്പോവുകയും ചെയ്യും. കാരണം മതം ജനത്തെ പഠിപ്പിക്കുന്നത്, എങ്ങനെ ദൈവത്തെ അറിയാമെന്നും ആരാധിക്കാമെന്നും ആണ്. അത് വേദപുസ്തകവും പഠിപ്പിക്കുന്നു. അതിനെ സംബന്ധിച്ച് മോശമായി യാതൊന്നുമില്ല എന്നു തോന്നും. എന്നിരുന്നാലും, കർത്താവിന് നമ്മോട് കരുണയുണ്ടായിരിക്കുകയും അവന്റെ ആത്മാവ് നമ്മുടെ കണ്ണുകളെ തുറക്കുകയും ചെയ്യുന്നുവെങ്കിൽ, ദൈവം ഈ പ്രപഞ്ചത്തിൽ ചെയ്തുകൊണ്ടിരിക്കുന്നത് തന്നെ ആരാധിക്കുവാനും സേവിക്കുവാനും ജനത്തെ സജ്ജമാക്കുവാൻ മാത്രമല്ല എന്നു നാം കാണും. ഈ യുഗത്തിൽ ദൈവത്തിന്റെ താല്പര്യവും ഉദ്ദേശ്യവും പുത്രനിൽ, അവന്റെ ആത്മാവിനാൽ മനുഷ്യനിലേക്ക് വരുവാനും മനുഷ്യൻ അവനാൽ ജീവിക്കേണ്ടതിന് അവന്റെ വചനത്തിലൂടെ മനുഷ്യന്റെ ജീവനായിരിക്കുവാനും ആണ്. ഇത് മതത്തിൽനിന്ന് തികച്ചും വിഭിന്നവും മൊത്തത്തിൽ മതപരമായ ധാരണക്ക് വിരുദ്ധവും ആണ്.

കർത്താവ് ജീവനായി മനുഷ്യനിലേക്ക് വന്നപ്പോൾ അവനെ യെഹൂദമതം തിരസ്കരിച്ചു. തുടർന്ന് നൂറ്റാണ്ടുകളിലുടനീളം അവനെ തുടർച്ചയായി മതം തിരസ്കരിച്ചുകൊണ്ടിരുന്നു. ആ മതം കത്തോലിക്കാ മതമോ, പ്രൊട്ടസ്റ്റന്റ് മതമോ ആയാലും, അതൊരു മതമായിരിക്കുന്നിടത്തോളം അത് കർത്താവിനെ ജീവനായി, പൂർണ്ണമായി

സ്വീകരിക്കുകയില്ല, അതിന് സ്വീകരിക്കുവാൻ കഴിയുകയുമില്ല. കർത്താവിനെ ജീവനായി സ്വീകരിക്കുന്ന ഈ വിഷയത്തിൽ, യെഹൂദമതം കർത്താവിന്റെ കാലത്ത് ആയിരുന്നതും ഇന്ന് ആയിരിക്കുന്നതും പോലെ, കത്തോലിക്കാ മതവും പ്രൊട്ടസ്റ്റന്റ് മതവും ജനത്തിന് വലിയ തടസ്സങ്ങളാണ്. അതുകൊണ്ട്, ഏതുതരത്തിലുള്ള മതത്തെ സംബന്ധിച്ചും, നാം ബോധമുള്ളവരും കരുതലുള്ളവരും ആയിരിക്കണം. അല്ലെങ്കിൽ, നാം വഴിതെറ്റി പോയേക്കും.

### *2. കർത്താവിനും അവന്റെ വിശ്വാസികൾക്കും, വിരുന്നിനും വിശ്രമത്തിനും സംതൃപ്തിക്കും ആയുള്ള ഒരു ഇടം*

യെഹൂദമതം കർത്താവിനെ നിരസിച്ചു എന്നത് പ്രതിലോമമായ ഉത്തരഫലം ആയിരുന്നു. എന്നാൽ കർത്താവ് ജനത്തിന് ജീവനാണ് എന്നത് ഉളവാക്കിയ ഒരു അനുലോമമായ ഉത്തരഫലവും ഉണ്ടായിരുന്നു-അവനെ തിരസ്ക്കരിച്ചതുമൂലം അവന് ഒരു ഭവനം, അവന് വിശ്രമിക്കുകയും വിരുന്നാസ്വദിക്കുകയും വസിക്കുകയും സംതൃപ്തനാകുകയും ചെയ്യാവുന്ന ഒരിടം. തന്നെ തിരസ്കരിച്ച മതത്തിൽനിന്ന് കർത്താവ് പുറത്തു വരുകയും, തന്നെത്താൻ മറഞ്ഞിരിക്കുകയും, ബേഥാന്യയിലുള്ള തന്റെ യെഹൂദ വിശ്വാസികളുടെ ഭവനത്തിലേക്ക് വരുകയും ചെയ്തു എന്ന് പന്ത്രണ്ടാം അദ്ധ്യായത്തിൽ നാം കാണുന്നു. തന്റെ വിശ്വാസികൾക്ക് തന്നെ പുനരുത്ഥാനജീവൻ ആക്കിക്കൊണ്ട്, അവൻ ഒരു ഭവനം കണ്ടെത്തി. ഈ ഭവനത്തെ അവന്റെ സഭയുടെ ഒരു നിഴലായി കണക്കാക്കാം. ഒരു വശത്ത്, യെഹൂദമതം അവനെ തിരസ്കരിക്കുകയും അവൻ അതിനെ ഉപേക്ഷിക്കുകയും ചെയ്തു; മറുവശത്ത്, അവന് വസിക്കുവാനും വിശ്രമിക്കുവാനും കഴിയുന്ന ഒരു ഭവനം അവന് ലഭിച്ചു. വിരുന്നാസ്വദിക്കുവാനും തൃപ്തനാകുവാനും കഴിയുന്ന ഒരിടം അവന് ലഭിച്ചു. മുമ്പ്, കർത്താവിന് "തല ചായ്ക്കാൻ ഇടമില്ലായിരുന്നു"(മത്താ.8:20). എന്നാൽ ഇപ്പോൾ, ലാസറിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചശേഷം, വിശ്രമിക്കുവാനും വിരുന്നുകഴിക്കുവാനും അവന് ഒരു ഇടം ലഭിച്ചു. യെഹൂദമതം അവനെ തിരസ്ക്കരിച്ചശേഷം, മേലിൽ യെരുശലേമിൽ താമസിക്കുവാൻ അവൻ ഇഷ്ടപ്പെട്ടില്ല. അവനെപ്പോഴും ബേഥാന്യയിൽ താമസിക്കുവാനായി പോയി(മത്താ.21:17-18). അവിടെ അവന് താമസിക്കുവാനും വിശ്രമിക്കുവാനും മാത്രമല്ല, വിരുന്നുകഴിക്കുവാനും സംതൃപ്തനാകുവാനും കഴിഞ്ഞു. ഇത് ആത്മീയമായി സൂചിപ്പിക്കുന്നത്, അവൻ പഴയനിയമത്തിന്റെ യെഹൂദമതത്തിൽനിന്ന് പൂർണ്ണമായും വേർപെടുകയും, അവന് വിശ്രമിക്കുവാനും വിരുന്നുകഴിക്കുവാനും സംതൃപ്തനാകുവാനും കഴിയുന്ന അവന്റെ ഭവനമായി സഭയിൽ ആയിരുന്നുവെന്നും ഇപ്പോഴും ആയിരിക്കുന്നു എന്നുമാണ്.

ആ ചെറിയ ഭവനത്തെ സംബന്ധിച്ച് പുറമേ ആകർഷകമായി യാതൊന്നും ഇല്ലായിരുന്നുവെങ്കിലും, അകമേ വിരുന്നും വിശ്രമവും സംതൃപ്തിയും നിമിത്തം അത് നിറഞ്ഞിരുന്നു. കർത്താവായ യേശു മാത്രമല്ല അവിടെ വിരുന്നുകഴിക്കുകയും വിശ്രമിക്കുകയും ചെയ്തുകൊണ്ടിരുന്നത്, അവിടെയുണ്ടായിരുന്ന എല്ലാവരും അങ്ങനെ ആയിരുന്നു. സഭാജീവിതത്തിൽ ഇപ്രകാരംതന്നെ ആയിരിക്കണം. സഭാജീവിതത്തെ നിങ്ങൾ വെളിയിൽനിന്നു നോക്കുമ്പോൾ യാതൊന്നും ആകർഷണീയമല്ല. കെട്ടിടം, കസേരകൾ യാതൊന്നും വളരെ നല്ലതായി തോന്നുകയില്ലായിരിക്കും. പുറമേ എല്ലാം മോശമായിരിക്കാം; എന്നാലും അകമേ എല്ലാം വിലയേറിയതും മധുരവും പ്രിയവും ആയിരിക്കും. നാം കർത്താവിനോടൊപ്പവും കർത്താവ് നമ്മോടൊപ്പവും ആണ് എന്ന മധുരമായ അനുഭൂതി നമുക്കുണ്ട്. അവൻ നമ്മോടൊപ്പവും നാം അവനോടൊപ്പവും വിരുന്നുണ്ണുന്നു. അവനും നാമും വിശ്രമിക്കുന്നു. എല്ലാവരും സ്വസ്ഥരും എല്ലാവരും സംതൃപ്തരുമാണ്. ഇതാണ് സഭാജീവിതം.

Tue

## B. സഭാജീവിതത്തിന്റെ ഹ്രസ്വരൂപം

### *1. പുനരുത്ഥാനജീവനാൽ ഉളവായി*

ഇനി നമുക്ക് യോഹന്നാൻ 12-ൽ കണ്ട സഭാജീവിതത്തിന്റെ ഹ്രസ്വരൂപത്തെ സംബന്ധിച്ച പല കാര്യങ്ങൾ പരിഗണിക്കാം. ഒന്നാമത്, അത് പുനരുത്ഥാനജീവനാൽ ഉളവായി. സഭ പുനരുത്ഥാനജീവനാൽ ഉളവായി എന്നതിന്റെ അടയാളമായി ലാസർ സന്നിഹിതനായിരുന്നു. മനുഷ്യന്റെ സംഘടനയാലോ ജ്ഞാനത്താലോ പ്രവൃത്തിയാലോ പഠിപ്പിക്കലിനാലോ സഭ ഉളവാകുന്നില്ല. അത് പുനരുത്ഥാനജീവനാൽ ഉളവാകുന്നു.

കർത്താവ് തന്റെ അവസാന അടയാളം-ലാസറിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചത്- നിർവ്വഹിച്ച സ്ഥലമായിരുന്നു ബേഥാന്യ. അതുകൊണ്ട്, കർത്താവ് മരിച്ചവരെ ഉയിർപ്പിച്ച സ്ഥലമാണ് ബേഥാന്യ. അവിടത്തെ വിശ്വാസികൾ കർത്താവിന്റെ പുനരുത്ഥാനജീവനിൽനിന്നുള്ള ഫലമായിരുന്നു. ഇവിടം-കർത്താവ് പുനരുത്ഥാനജീവനായി ജനത്തെ മരിച്ചവരിൽനിന്ന് ഉയർപ്പിക്കുന്ന സ്ഥലമായ പുനരുത്ഥാനത്തിന്റെ ഇടം- ആണ് സഭ. ആദിയിൽ, നാം മരിച്ചവരായിരുന്നു, കാരണം നാം പാപത്തിൽ മരിച്ചവരായിരുന്നു(കൊലൊ. 2:13). എന്നാൽ കർത്താവ് നമ്മെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചിരിക്കുന്നു; അവൻ നമ്മെ ജീവിപ്പിക്കുകയും വീണ്ടുംജനിപ്പിക്കുകയും ചെയ്തിരിക്കുന്നു. ഇതിന്റെ ഫലം അവന്റെ പുനരുത്ഥാനജീവനിൽ പങ്കുള്ളവരായ നാം സഭയായി എന്നതാണ്. കർത്താവിന്റെ പുനരുത്ഥാനജീവന്റെ ഉൽപ്പന്നമാണ് സഭ. സ്വാഭാവിക ജീവനിൽ സഭയില്ല.

കർത്താവിന്റെ പുനരുത്ഥാനജീവനിലൂടെ മാത്രമേ സഭക്ക് നിലവിൽ വരുവാൻ കഴിയുകയുള്ളൂ. പുനരുത്ഥാനജീവനിലുള്ള ഇത്തരം ഒരു സഭയാണ്, കർത്താവിന് നമ്മോടൊപ്പം വിശ്രമവും സംതൃപ്തിയും കണ്ടെത്തുവാനും നമുക്ക് കർത്താവിനോടൊപ്പം വിരുന്നുകഴിക്കുവാനും കഴിയുന്ന ഇടം.

### *2. ശുദ്ധീകരിക്കപ്പെട്ട പാപികൾ ചേർന്നുളവായത്*

കുഷ്ഠരോഗിയായ ശിമോൻ പ്രതിനിധാനം ചെയ്യുന്നതുപോലെ ശുദ്ധീകരിക്കപ്പെട്ട പാപികൾ കൂടിച്ചേർന്നതാണ് സഭ (മർക്കോ.14:3). ബേഥാന്യയിൽ അവർ കർത്താവുമൊത്ത് വിരുന്നു കഴിച്ചത് ലാസറിന്റെ ഭവനത്തിലായിരുന്നു എന്നാണ് ഞാൻ ചെറുപ്പത്തിൽ കരുതിയിരുന്നത്. അത് ലാസറിന്റെ ഭവനം ആയിരുന്നില്ലെന്നും കർത്താവ് സൗഖ്യമാക്കിയവനായ ഒരു കുഷ്ഠരോഗിയുടെ ഭവനമായിരുന്നു എന്നും തുടർന്ന് ഞാൻ അറിഞ്ഞു. മർക്കോസ് 14:3 അനുസരിച്ച്, യോഹന്നാൻ 12:2-ൽ പ്രതിപാദിച്ചിരിക്കുന്ന വിരുന്ന് ഒരുക്കപ്പെട്ടത് ശിമോൻ എന്നു പേരുള്ള ഒരു കുഷ്ഠരോഗിയുടെ ഭവനത്തിലായിരുന്നു. ശുദ്ധമാക്കപ്പെട്ട കുഷ്ഠരോഗിയായ ശിമോന്റെ ഭവനം, സഭയുടെ കൂടിവരവിനുള്ള സ്ഥലമായിത്തീർന്നു. ഇത് വളരെ അർത്ഥവത്താണ്. ഒരു വശത്ത്, നാം എല്ലാവരും മരിച്ചവരായിരുന്നു; മറുവശത്ത്, നാം എല്ലാം കുഷ്ഠരോഗികളായിരുന്നു. മൗലികമായി, സഭയിലെ അംഗങ്ങൾ മരിച്ചവരും കുഷ്ഠരോഗികളും(പാപം നിറഞ്ഞവരും) ആയിരുന്നു. ഒരർത്ഥത്തിൽ, നാം ലാസറിനെപ്പോലെ മരിച്ചവരായിരുന്ന്, പുനരുത്ഥാനം പ്രാപിച്ചവർ ആണ്. മറ്റൊരർത്ഥത്തിൽ, നാം ശിമോനെപ്പോലെ മലിനപ്പെട്ട കുഷ്ഠരോഗികളായിരുന്ന്, ശുദ്ധീകരിക്കപ്പെട്ടവരാണ്. ഹാലേലുയ്യ, കർത്താവ് നമ്മെ മരണത്തിൽ നിന്ന് ഉയിർപ്പിക്കുകയും നമ്മുടെ കുഷ്ഠരോഗം, പാപം പോക്കി, നമ്മെ ശുദ്ധീകരിക്കുകയും ചെയ്തു! ഇപ്പോൾ, നാം ആയിരിക്കുന്നിടം സഭയുടെ യോഗസ്ഥലമാകുന്നു.

കർത്താവിനായി വിരുന്നൊരുക്കിയ സ്ഥലം കുഷ്ഠരോഗിയായ ശിമോന്റെ ഭവനത്തിലായിരുന്നുവെങ്കിലും, ശിമോൻ എന്തെങ്കിലും ചെയ്യുന്നതിനെ സംബന്ധിച്ച് യോഹന്നാൻ 12 നിശ്ശബ്ദമാണ് എന്നത് വളരെ വിചിത്രമാണ്. വിരുന്ന് ഒരുക്കപ്പെട്ടത് ശിമോന്റെ ഭവനത്തിലായിരുന്നു, എന്നാൽ രണ്ടു സഹോദരിമാരും ഒരു സഹോദരനുമായിരുന്നു കാര്യങ്ങളെല്ലാം ചെയ്തത്. ബേഥാന്യയിൽ, ഒരു കുഷ്ഠരോഗിയുടെ ഭവനത്തിൽ, കാര്യങ്ങളെല്ലാം ചെയ്തത് മാർത്തയും മറിയയും ലാസറുമായിരുന്നു. കർത്താവ് മരിച്ചവരെ ജീവിപ്പിക്കുകയും, വീണ്ടുംജനിപ്പിക്കുകയും, കുഷ്ഠരോഗികളെ ശുദ്ധീകരിക്കുകയും ചെയ്യുന്ന ഇടമാണ് സഭയെങ്കിലും, സഭയിലെ ശുശ്രൂഷകൾ നിർവ്വഹിക്കുന്നത് കുഷ്ഠരോഗികളല്ല. യോഹന്നാൻ 12-ൽ ശുശ്രൂഷ

യിൽനിന്നും ശിമോൻ ഒഴിവായിരുന്നു എന്ന വസ്തുതയുടെ പുറകിലുള്ള അർത്ഥം ഇതാണ്.

### *3. പുറമേ എളിയവരും പീഡിതരും*

ബേഥാന്യയുടെ അർത്ഥം എളിയവരുടെ ഭവനം അഥവാ പീഡിതരുടെ ഭവനം എന്നാണ്. പുറമേ, സഭ എളിയതും പീഡിപ്പിക്കപ്പെടുന്നതും ആയിരിക്കാം. ഭൂമിയിൽ സഭ ഭൗതിക വസ്തുക്കളാൽ സമ്പന്നമല്ലായിരിക്കാം; അത് കർത്താവിന്റെ സന്നിധിയിൽ അവന്റെ ആസ്വാദനം നിമിത്തം സമ്പന്നമായിരിക്കും. സഭ ദരിദ്രവും പീഡ നിറഞ്ഞതുമാണ് എന്നു പറഞ്ഞുകൊണ്ട് പുറമേയുള്ളവർ, എപ്പോഴും അതിനെ അവജ്ഞയോടെ നോക്കും. കർത്താവ് നമുക്ക് ആയിരിക്കുന്നതിന്റെയെല്ലാം ആസ്വദനത്തിൽ നാം എത്ര സമ്പന്നരാണ് എന്ന് മനസ്സിലാക്കുവാനുള്ള ആത്മാവ് അവർക്കില്ല.

### *4. അകമേ കർത്താവിന്റെ സാന്നിദ്ധ്യത്തിലും സാന്നിദ്ധ്യത്താലും വിരുന്നു കഴിക്കുന്നു*

ആന്തരികമായി കർത്താവിന്റെ സാന്നിദ്ധ്യത്തിലും സാന്നിദ്ധ്യത്തോടുകൂടെയും ഉള്ള വിരുന്നുണ്ണുന്ന ജീവിതമാണ് സഭാജീവിതം (12:2). കർത്താവ് ആ ഭവനത്തിലേക്ക് വന്നു; അവന്റെ സാന്നിദ്ധ്യം അവിടെ ഉണ്ടായിരുന്നു. സഭാജീവിതത്തിൽ നമുക്ക് ഒന്നാമതായി വേണ്ടത് കർത്താവിന്റെ സാന്നിദ്ധ്യമാണ്. കർത്താവിന് വരുവാനും നമ്മോടൊപ്പം ആയിരിക്കുവാനും കഴിയുന്ന അത്തരം ഒരു സ്ഥാനത്തും അത്തരം ഒരവസ്ഥയിലും ഉള്ളവരായിരിക്കണം നാം. അവന്റെ സാന്നിദ്ധ്യം സഭാജീവിതത്തിന് അത്യന്താപേക്ഷിതമാണ്. തികച്ചും കർത്താവിന്റെ സാന്നിദ്ധ്യത്തെ ആശ്രയിച്ചിരിക്കുന്ന ഒരു ജീവിതമാണ് സഭാജീവിതം. കർത്താവിന്റെ സാന്നിദ്ധ്യമില്ലാതെ, സഭാജീവിതം ശൂന്യമാണ്.

ആന്തരികമായി, സഭാജീവിതം ഒരു വിരുന്നാണ്. കർത്താവിനു തന്നെത്താൻ ആസ്വദിക്കുവാനും അവന്റെ ജനത്തിന് അവനോടൊപ്പം ആസ്വദിക്കുവാനും കഴിയുന്ന ഒരു വിരുന്ന് സഭാജീവിതത്തിൽ എല്ലായ്പ്പോഴും ഉണ്ടായിരിക്കണം. സഭയിലാണ് കർത്താവിന് വിശ്രമവും ആസ്വാദനവും സംതൃപ്തിയും ഉള്ളത്. കർത്താവിനും അവന്റെ ജനത്തിനുംവേണ്ടി ഒരുക്കപ്പെട്ടിരിക്കുന്ന ഒരു വിരുന്ന് ഇവിടെ എല്ലായ്പ്പോഴും ഉണ്ടായിരിക്കും. കർത്താവ് തന്നെത്താൻ ആസ്വദിക്കുന്നു എന്നു മാത്രമല്ല, അതുപോലെതന്നെ അവനോടൊപ്പം ആയിരിക്കുന്ന എല്ലാവരും അത് ആസ്വദിക്കുന്നു. കർത്താവിന് അവന്റെ ജനത്തോടൊപ്പം ആയിരുന്ന് ആസ്വദിക്കുവാനും അവന്റെ ജനത്തിന് അവനോടൊപ്പം ആയിരുന്ന് ആസ്വദിക്കുവാനും കഴിയുന്ന ഒരു സ്ഥലമാണ് സഭ. കർത്താവും അവന്റെ ജനവും കൂടിവന്ന് പരസ്പരം

വിരുന്നുണ്ണുവാനും പരസ്പരം ആസ്വദിക്കുവാനും കഴിയുന്ന സ്ഥലമാണ് സഭ.

പുറമേയുള്ളവർക്ക് ആർക്കും ഇതു മനസ്സിലാക്കുവാൻ കഴിയുകയില്ല. സഭാജീവിതത്തിൽ നാം എന്താണ് ചെയ്യുന്നതെന്ന് പുറത്തുള്ളവർക്ക് അറിയില്ല. ഇരുപത് വർഷം മുമ്പ് ഞാൻ തായ്പേയിൽതന്നെ ആയിരുന്നപ്പോൾ, ഡെൻമാർക്കുകാരിയായ ഒരു മിഷനറി വനിത സഭയെ സംബന്ധിച്ച് ചോദിച്ചുകൊണ്ട് ഒരു ദീർഘ സംഭാഷണത്തിനായി എന്റെ അടുത്തു വന്നു. അവൾ സഭയിലേക്ക് ആകർഷിക്കപ്പെട്ടിരുന്നു. എന്നാൽ അപ്പോഴും കേട്ടുകേൾവി മൂലം ചില പ്രശ്നങ്ങൾ ഉണ്ടായിരുന്നു. ഞാൻ അവളോട് പറഞ്ഞു,"സഹോദരീ, ഞാൻ നിങ്ങളോട് ദിവസങ്ങളോളം സംസാരിച്ചാലും ഞങ്ങൾ ഇവിടെ ചെയ്യുന്നതെന്താണെന്ന് മനസ്സിലാക്കുവാൻ നിങ്ങൾക്ക് അപ്പോഴും കഴിയുകയില്ല. ഞങ്ങൾ ചെയ്യുന്നതെന്താണെന്ന് മനസ്സിലാക്കുവാനുള്ള ഏറ്റവും നല്ല മാർഗ്ഗവും ഒരേയൊരു മാർഗ്ഗവും ഇവിടെവന്ന് രണ്ടരവർഷം താമസിക്കുകയാണ്. ഈ കാലയളവിൽ മറ്റേതെങ്കിലും സ്ഥലം സന്ദർശിക്കുകയോ ഏതെങ്കിലും ജോലി ചെയ്യുകയോ അരുത്. സഹോദരിമാരോടൊപ്പം രാപ്പകൽ താമസിക്കുകയും എല്ലാ യോഗങ്ങളിലും പങ്കെടുക്കുകയും ചെയ്താൽ മതി. നിങ്ങൾ എല്ലാ യോഗങ്ങളിലും-വലിയ യോഗങ്ങളിലും ചെറിയ യോഗങ്ങളിലും ഭവനയോഗങ്ങളിലും ഹാൾയോഗങ്ങളിലും- പങ്കെടുക്കണം. ഒരു യോഗംപോലും നഷ്ടപ്പെടുത്തരുത്. അതിനുപുറമേ, ഞങ്ങൾ പുറത്തിറക്കിയ ഇരുനൂറിലധികം വരുന്ന പുസ്തകങ്ങൾ എല്ലാം നിങ്ങൾ വായിക്കുകയും വേണം. നിങ്ങൾ രണ്ടര വർഷം താമസിക്കുകയും യോഗങ്ങളിലെല്ലാം പങ്കെടുക്കുകയും എല്ലാ പുസ്തകങ്ങളും വായിക്കുകയും ചെയ്താൽ, നിങ്ങൾക്ക് കാര്യങ്ങൾ വളരെയധികം വ്യക്തമാകുമെന്ന് ഞാൻ ഉറപ്പു നൽകാം. പ്രിയ സഹോദരീ, നിങ്ങൾ വില കൊടുക്കുമോ?" ഉടനെ അവൾ മറുപടി പറഞ്ഞു,"നിങ്ങളുടെ വാക്ക് നിമിത്തം ഞാനത് ചെയ്യും." അവൾ തന്റെ വീട് പൂട്ടിയിട്ട് സഹോദരിമാരുടെ വീട്ടിലേക്ക് താമസം മാറ്റി. അവൾ സത്യസന്ധമായി എന്റെ വാക്ക് പാലിച്ചു. അവൾ മറ്റെങ്ങും പോയില്ല. അവൾ കേവലം സഹോദരിമാരോടൊപ്പം താമസിക്കുകയും യോഗങ്ങളിലെല്ലാം പങ്കെടുക്കുകയും ചൈനാഭാഷയിലുള്ള മിക്ക പുസ്തകങ്ങളും വായിക്കുകയും ചെയ്തു. രണ്ടര വർഷത്തിൽ വളരെ കുറവായ ഒരു കാലയളവിൽ-അത് ഏതാനും മാസങ്ങൾ മാത്രമേ ആയിരുന്നുള്ളൂ- അവൾ എന്റെ അടുത്തുവന്ന് പറഞ്ഞു,"ലീ സഹോദരാ, കർത്താവിന് സ്തോത്രം. നാം ഇവിടെ എന്താണ് ചെയ്യുന്നതെന്ന് എനിക്കിപ്പോൾ വ്യക്തമാണ്." "നിങ്ങൾ ഇവിടെ ചെയ്യുന്നതെന്താണ്" എന്നവൾ പറഞ്ഞില്ല; അവൾ പറഞ്ഞത്, "നാം ഇവിടെ എന്താണ് ചെയ്യുന്നതെന്ന്

എനിക്കിപ്പോൾ വ്യക്തമാണ്"എന്നാണ്. അവൾ ഇങ്ങനെയും പറഞ്ഞു,"ഇന്നു മുതൽ യാതൊന്നിനും എന്നെ സഭയിൽനിന്ന് പുറത്താക്കുവാൻ കഴിയുകയില്ല."കുറെയേറെക്കാലം അവൾ അവിടെ ആയിരിക്കുകയും, പിന്നെ ഡെൻമാർക്കിലേക്ക് തിരിച്ചുപോകുകയും ചെയ്തു. അവിടെ അവൾ വളരെ കഷ്ടതകളിലൂടെ കടന്നുപോയി. എന്നാൽ യാതൊന്നും അവളെ സഭയിൽനിന്ന് പുറത്താക്കിയില്ല.

ആളുകൾ സഭയെ പുറമേനിന്ന് നോക്കുമ്പോൾ ഒരു കാര്യം കാണുന്നു. അത് അവരുടെ കണ്ണുകളിൽ കറുത്തതായി കാണപ്പെട്ടേക്കാം. എന്നിരുന്നാലും, നിങ്ങൾ ആന്തരികമായി സഭയിലേക്ക് കടക്കുമ്പോൾ അത് തികച്ചും വിഭിന്നമാണ്. അത് കടും മഞ്ഞയാണ്.

Wed ▬ ### 5. സഹോദരന്മാരെക്കാൾ അധികം സഹോദരിമാർ

ബേഥാന്യയിൽ ഉണ്ടായിരുന്നതുപോലെ, സഹോദരന്മാരെക്കാൾ അധികം സഹോദരിമാർ ഉണ്ടായിരിക്കുന്നതാണ് നല്ലത്(12:2-3). ഒരു സഭയിൽ സഹോദരിമാരുടെ എണ്ണം സഹോദരന്മാരുടേതിനെക്കാൾ കുറവായിരുന്നാൽ ആ സഭ അത്ര ജീവനുള്ളതായിരിക്കില്ല. ജീവനുള്ള ഒരു സഭക്ക് കൂടുതൽ സഹോദരിമാർ ഉണ്ടായിരിക്കണം. കൂടും തോറും നല്ലത്. സഹോദരിമാരുടെ എണ്ണം സഹോദരന്മാരുടെ എണ്ണത്തെക്കാൾ അധികമായിരിക്കുന്നു എന്ന ഒരു സാഹചര്യം നിങ്ങൾ പരിശോധിച്ചാൽ, ആ സഭ ജീവനുള്ളതാണ് എന്ന് നിങ്ങൾ കാണും. എന്നാൽ സഹോദരിമാർ സഹോദരന്മാരുടെ എണ്ണത്തേക്കാൾ കുറഞ്ഞിരുന്നാൽ ആ സഭ അത്ര ജീവനുള്ളത് ആയിരിക്കുകയില്ല.

### 6. വ്യത്യസ്തമായ ചുമതലകളോടുകൂടെ
#### a. സേവിക്കുന്നു

സഭാജീവിതത്തിൽ വിവിധ ചുമതലകൾ ഉണ്ട്. ഭവനത്തിലെ മൂന്ന് വ്യക്തികൾ പ്രതിനിധാനം ചെയ്യുന്ന മൂന്നു തരം ചുമതലകൾ സഭയുടെ സേവനത്തിലുണ്ട്. ഒന്നാമത് മാർത്ത പ്രതിനിധാനം ചെയ്യുന്ന സേവനം എന്ന ചുമതല ഉണ്ട്(12:2). നൂറ്റാണ്ടുകളിലുടനീളം, മാർത്തയുടെ വിഷയം ന്യായരഹിതമായി കൈകാര്യം ചെയ്തിട്ടുണ്ട്. ചരിത്രത്തിലുടനീളം ക്രിസ്ത്യാനികൾ മാർത്തയെ അവജ്ഞയോടെ നോക്കി. മാർത്തയെ കുറ്റപ്പെടുത്തരുത്. അവളെ കുറ്റപ്പെടുത്തുന്നത് ന്യായമല്ല. മാർത്ത ഗുണമുള്ളവൾ അല്ലെന്ന് നാം ചിന്തിക്കരുത്, കാരണം, മാർത്ത സേവിച്ചു എന്ന് ഈ അദ്ധ്യായം പറയുന്നു. ഇത് വളരെ നല്ലതാണ്, കാരണം സഭാസേവനത്തിൽ, സഭയുടെ പ്രായോഗികകാര്യങ്ങൾ നോക്കേണ്ടതുണ്ട്. മാർത്തയില്ലാതെ നമുക്കെങ്ങനെ ഭക്ഷണത്തിന്റെ കാര്യം നോക്കാനാകും? നമുക്ക് ഭക്ഷണം തയ്യാറാക്കാൻ അവൾ ആവശ്യമാണ്. മാർത്തയുടെ സേവനത്തെ ഞാൻ വില മതിക്കുന്നു. നമ്മളെല്ലാം അവളെക്കുറിച്ചുള്ള നമ്മുടെ ധാരണ മാറ്റു

കയും അവജ്ഞയോടെ അവളെ നോക്കാതിരിക്കുകയും വേണം. മാർത്തമാരാകുവാൻ സഹോദരിമാരെ നാം പ്രോത്സാഹിപ്പിക്കണം. ഒരുപക്ഷേ നിങ്ങൾ സഹോദരിമാർ ഇപ്പോഴും വളരെ ആത്മീയരും മതഭക്തരുമായിരിക്കാം. എന്നാൽ ഞാൻ സാമാന്യം പ്രായോഗിക ബുദ്ധി ഉള്ളവനാണ്. ഞാൻ അത്ര ആത്മീയനായിരിക്കാൻ ആഗ്രഹിക്കുന്നില്ല. എല്ലാ സഹോദരിമാരും ആത്മീയരായി മറിയയെപ്പോലെ ശാന്തരായിരിക്കുന്നു എന്നു വിചാരിക്കുക. ആര് ഭക്ഷണമുണ്ടാക്കും? അദ്ധ്വാനശീലമുള്ളവരും പ്രാപ്തിയുള്ളവരും ഉത്സാഹമുള്ളവരും ജീവനുള്ളവരും പ്രായോഗിക ബുദ്ധിയുള്ളവരുമായ കുറേ മാർത്തമാർ നമുക്ക് വേണം. നാം ആത്മീയരാണെങ്കിലും നാം പ്രായോഗികമായി സേവിക്കണം. ആ ഭവനത്തിൽ മാർത്തയുടെ സേവനം ആവശ്യമായിരുന്നു. അതുപോലെ സഭാസേവനത്തിൽ ഒന്നാമത് വേണ്ടതായ ചുമതല ചില പ്രത്യേക കാര്യങ്ങൾ ചെയ്തും, ചില പ്രായോഗിക വിഷയങ്ങൾ ഗൗനിച്ചുംകൊണ്ടുള്ള സേവനമാണ്.

### *b. സാക്ഷ്യപ്പെടുത്തുന്നു*

സഭാസേവനത്തിലെ രണ്ടാമത്തെ തരത്തിലുള്ള ചുമതല ലാസർ പ്രതിനിധാനം ചെയ്യുന്നു. ലാസർ യാതൊന്നും ചെയ്തില്ല എന്നു തോന്നും. അവൻ മേശയിങ്കൽ കർത്താവിനോടൊപ്പം ഇരുന്ന് അവനോടൊപ്പം വിരുന്ന് ആസ്വദിക്കുകയേ ചെയ്തുള്ളൂ. എന്നാൽ ലാസർ പുനരുത്ഥാനജീവന്റെ ജീവനുള്ള സാക്ഷ്യമായിരുന്നു എന്നു നാം ഓർക്കണം. പ്രവർത്തിച്ചുകൊണ്ടല്ല, പുനരുത്ഥാനജീവനിൽ ജീവിച്ചുകൊണ്ട്, അവൻ സാക്ഷ്യപ്പെടുത്തി. അവന്റെ സാക്ഷ്യം അദ്ധ്വാനത്തിലോ പ്രവർത്തികളിലോ ആയിരുന്നില്ല. അത് പുനരുത്ഥാനജീവന്റെ ആസ്വാദനത്തിലായിരുന്നു. അവൻ ആയിരുന്നിടത്തെല്ലാം, പുനരുത്ഥാനജീവന്റെ സാക്ഷ്യം ഉണ്ടായിരുന്നു.

മാർത്തയുടെ ശുശ്രൂഷ നല്ലതായിരുന്നു, എന്നാലത് ജനത്തെ ആകർഷിച്ചില്ല. ലാസറിന്റെ സാക്ഷ്യമായിരുന്നു ജനത്തെ ആകർഷിച്ചത്. ഇതിനർത്ഥം മാർത്തയുടെ ശുശ്രൂഷ മോശമായിരുന്നു എന്നോ ആവശ്യമില്ലായിരുന്നു എന്നോ അല്ല, കാരണം ചില കാര്യങ്ങൾ ശ്രദ്ധിക്കണമായിരുന്നു. ലാസറിനെപ്പോലും മാർത്ത സേവിക്കണമായിരുന്നു. അതുകൊണ്ട്, ജീവന്റെ ഒരു നല്ല സാക്ഷ്യം ഉള്ളപ്പോൾ പോലും, നമുക്ക് മാർത്തയുടെ സേവനം ആവശ്യമാണ് എന്നു നാം മനസ്സിലാക്കണം. അല്ലെങ്കിൽ ഭക്ഷിക്കുവാൻ നമുക്കൊന്നും ഉണ്ടായിരിക്കുകയില്ല.

സഭയിലെ രണ്ടാമത്തെ ഇനത്തിലുള്ള ചുമതല ജീവന്റെ സാക്ഷ്യമാണ്. അത് പ്രവൃത്തിയാലല്ല, പിന്നെയോ ജിവിതത്താലാണ്. അത് ഒരുതരത്തിലുള്ള പ്രവൃത്തിയല്ല; ഒരുതരത്തിലുള്ള ജീവിതമാണ്. അത്

അദ്ധ്വാനിക്കുന്നതിനാലല്ല; അത് കർത്താവിനെ ആസ്വദിക്കുന്നതിനാലാണ്. അത് ജനത്തിന് പുനരുത്ഥാനശക്തിയുടെയും പുനരുത്ഥാനജീവന്റെ ആവിഷ്കാരത്തിന്റെയും ജീവനായി കർത്താവിനെ ആസ്വദിക്കുന്നതിന്റെയും അനുഭൂതി നൽകുന്നു. അത്, കർത്താവിന് മരിച്ച വ്യക്തിയെ വളരെ ജീവനുള്ളവനാക്കുവാനും അവനോടൊത്ത് വിരുന്നുകഴിക്കുവാൻ അവനെ പ്രാപ്തനാക്കുവാനും കഴിയും എന്നതിന്റെ ശക്തമായ സാക്ഷ്യമാണ്. സഭയിൽ അത്തരം ഒരു ജീവിക്കുന്ന സാക്ഷ്യം, അത്തരം ജീവന്റെ ഒരു പ്രവർത്തനം ഉണ്ടായിരിക്കണം. പ്രായോഗിക കാര്യങ്ങളുടെ സേവനം മാത്രമല്ല, ജീവന്റെ ശുശ്രൂഷയും ഉണ്ടായിരിക്കണം. മാർത്തയുടെ സേവനം ആവശ്യമാണ്; എന്നാൽ ലാസറിന്റെ ശുശ്രൂഷ അതിലേറെ ആവശ്യമാണ്.

### c. *സ്നേഹിക്കുന്നു*

മൂന്നാമത്തെ തരത്തിലുള്ള ചുമതലയെ മറിയ പ്രതിനിധാനം ചെയ്യുന്നു(12:2-3). കർത്താവിനെ വളരെയധികം സ്നേഹിക്കുകയും തങ്ങൾ ഏറ്റവും വിലയേറിയതായി കരുതിയിരുന്നതിനെ കർത്താവിന്റെമേൽ പകരുകയും ചെയ്യുന്ന പ്രിയപ്പെട്ടവരെ അവൾ പ്രതിനിധാനം ചെയ്യുന്നു. ഏറ്റവും നല്ലത് കർത്താവിന് നൽകത്തക്കവണ്ണം അവർ കർത്താവിനെ സ്നേഹിക്കുന്നു. ഇതാണ് മറിയ ചെയ്തത്. അവൾ വിലയേറിയ തൈലം കർത്താവിന്റെ പാദങ്ങളിന്മേൽ പകർന്ന് തന്റെ തലമുടികൊണ്ട് അവന്റെ പാദങ്ങൾ തുടച്ചു. അവളുടെ ഹൃദയത്തിൽ കർത്താവിനെപ്പോലെ പ്രിയപ്പെട്ടതായി, അമൂല്യമായി, വിലയേറിയതായി, യാതൊന്നും ഇല്ലായിരുന്നു. അവൾ, തന്നെപ്പോലെയുള്ള മറ്റുള്ളവരോടൊപ്പം തനിക്കുള്ള ഏറ്റവും നല്ലതിനെക്കൊണ്ട് കർത്താവിനെ സ്നേഹിച്ചു. കർത്താവിനെ സംബന്ധിച്ച അവളുടെ വിലമതിപ്പ്, അവൻ മറ്റെന്തിനെക്കാളും വിലയേറിയവനും സ്നേഹയോഗ്യനും ആണെന്നായിരുന്നു. അവൾക്ക്, കർത്താവ് ഏറ്റവും അമൂല്യനും ഏറ്റവും വിലയേറിയവനും ആണ്.

മറിയ, വിലയേറിയ തൈലം കർത്താവായ യേശുവിന്റെമേൽ പകർന്നത് ശരിയായ സഭാജീവിതത്തിന്റെ അടയാളമാണ്. മറിയ കർത്താവായ യേശുവിനെ ഏറ്റവും നല്ല തൈലംകൊണ്ട് അഭിഷേകം ചെയ്തത് നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടാകാമെങ്കിലും, ഇത് സഭാജീവിതത്തിന്റെ അടയാളമാണെന്ന് നിങ്ങൾ ഒരുപക്ഷേ കണ്ടിട്ടുണ്ടാകില്ല. സഭാജീവിതത്തിന്റെ പ്രധാന സവിശേഷത കർത്താവിനെ നമ്മുടെ ഏറ്റവും നല്ല സ്നേഹംകൊണ്ട് അഭിഷേകം ചെയ്യുന്നു എന്നതാണ്. സഭാജീവിതത്തിന്റെ പ്രധാന ആവിഷ്കാരവും സ്വഭാവവും സവിശേഷതയും നമ്മുടെ തൈലം അവന്റെമേൽ നാം പകരുന്നതാണ്. കർത്താവായ യേശുവിന്റെമേൽ പകരപ്പെട്ട തൈലത്തിന്റെ അമൂല്യതയുടെയും മാധുര്യത്തിന്റെയും സന്തോഷത്തിന്റെയും സൗരഭ്യം

നിറഞ്ഞ ഒരു ഭവനത്തോട് ഇവിടെ സഭയെ താരതമ്യപ്പെടുത്തിയിരിക്കുന്നു. സ്ഥലം സഭയുടെ പ്രധാന ആവിഷ്കാരം ഇതായിരിക്കണം. നിങ്ങൾ ഒരു സ്ഥലം സഭയിലേക്ക് വരുമ്പോൾ, ആദ്യം മണക്കേണ്ടത് കർത്താവായ യേശുവിന്റെമേൽ ചൊരിയപ്പെട്ട സ്നേഹതൈലമാണ്. ഇത്, കേവലം മറിയ കർത്താവിനെ സ്നേഹിച്ചു എന്നുമാത്രമല്ല, അവൾ തന്റെ ഏറ്റവും നല്ലത് കർത്താവിന്റെമേൽ പകരുകയും അത് ശരിയായ സഭാജീവിതത്തിന്റെ അടയാളമാകുകയും ചെയ്തു എന്നതുമാണ്. ശരിയായ സഭാജീവിതത്തിൽ നാം എല്ലാവരും ഇത്രത്തോളം കർത്താവിനെ സ്നേഹിക്കണം.

അതുകൊണ്ട്, നമുക്ക് മൂന്നു തരത്തിലുള്ള ചുമതലകളുണ്ട്: സേവിക്കുക, സാക്ഷ്യപ്പെടുത്തുക, സ്നേഹിക്കുക എന്നിവ. നമുക്ക് സേവനവും സാക്ഷ്യവും കർത്താവിന്റെമേൽ ചൊരിയപ്പെട്ട സ്നേഹവുമുണ്ട്. ഈ മൂന്ന് കാര്യങ്ങൾ സഭാജീവിതത്തിൽ ഉണ്ടായിരിക്കണം. ജനം നമ്മുടെ അടുത്ത് വരുമ്പോഴെല്ലാം, നമ്മുടെ ഇടയിൽ കർത്താവിനുവേണ്ടിയുള്ള സേവനവും കർത്താവിന്റെ സാക്ഷ്യവും കർത്താവിന്റെമേൽ ചൊരിയപ്പെട്ട സ്നേഹവും ഉണ്ടെന്ന് അവർ മനസ്സിലാക്കണം. ഈ മൂന്ന് കാര്യങ്ങളും ഒഴിച്ചുകൂടാൻ പാടില്ലാത്തവയാണ്. നമുക്ക് എപ്പോഴും സേവിക്കുന്നതായ സേവനം ആവശ്യമാണ്. അതിലുപരിയായി, കർത്താവ് നമുക്ക് പുനരുത്ഥാനജീവനാണ് എന്ന് സാക്ഷ്യപ്പെടുത്തുന്ന സാക്ഷ്യവും നമുക്ക് വേണം. സാക്ഷ്യത്തിന്റെ ഈ ഭാവത്തിനായി നാം അദ്ധ്വാനിക്കേണ്ട ആവശ്യമില്ല. നമുക്ക് പുനരുത്ഥാനജീവൻ വേണമെന്നുമാത്രം. അവനോടൊപ്പം ഉയിർത്തശേഷം നാം അദ്ധ്വാനിക്കേണ്ടതായ ആവശ്യമില്ല. നാം അവനോടൊപ്പം ഇരിക്കുകയും അവനോടൊപ്പം പോകുകയും അവനോടൊപ്പം വിരുന്നാസ്വദിക്കുകയും മാത്രം ചെയ്യുന്നു. ഇതാണ് സഭയ്ക്കു വേണ്ടതായ യഥാർത്ഥ, ജീവിക്കുന്ന സാക്ഷ്യവും കർത്താവിന്റെ അതേ ആവിഷ്കാരവും. കൂടാതെ, കർത്താവിനോട് കാണിക്കുന്ന തികഞ്ഞ സ്നേഹവും നമുക്ക് വേണം. നമ്മുടെ ഇടയിലേക്ക് ആളുകൾ വരുമ്പോൾ അവർ പറയണം,"ഈ ആളുകൾ എന്തുവില കൊടുത്തും കർത്താവിനെ സ്നേഹിക്കുന്നു. കർത്താവിനെ സ്നേഹിക്കുന്നതിൽ അവർ എന്തുവിലയും കൊടുക്കും. അവരുടെ ഹൃദയത്തിൽ കർത്താവിനോളം വിലയേറിയതായി, വിലമതിക്കത്തക്കതായി, സ്നേഹിക്കത്തക്കതായി, അമൂല്യമായി യാതൊന്നുമില്ല." നാം ആളുകൾക്ക് ഇത്തരത്തിലുള്ള മതിപ്പ് നൽകണം.

നാം എല്ലാവരും സഭയുടെ ത്രികോണ അംഗമായിരിക്കണം. നമുക്ക് മൂന്ന് കോണുകൾ ഉണ്ടായിരിക്കണം. മുമ്പ്, ചില സഹോദരിമാർ എന്നോട് പറഞ്ഞുകേട്ടിട്ടുണ്ട്."സഹോദരാ, ഞാൻ ഒരു മാർത്തയല്ല. കർത്താവിന്റെ കൃപകൊണ്ട്, ഞാൻ ചെറിയ ഒരു മറിയ മാത്രമാണ്."

ഒരിക്കൽ വളരെ ജീവനുള്ള ഒരു സഹോദരൻ എന്നോട് പറഞ്ഞു, “സഹോദരാ, സഭയിൽ കുറെ മാർത്തമാരുണ്ട്. വളരെ കുറച്ചേ ലാസർമാരുള്ളൂ. കർത്താവിന്റെ കൃപകൊണ്ട്, ഞാൻ ഒരു ലാസർ മാത്രമാണ്. എനിക്ക് ഒന്നും ചെയ്യുവാൻ കഴിയുകയില്ല. ഞാൻ കർത്താവായ യേശുവിനെ സാക്ഷ്യപ്പെടുത്തിക്കൊണ്ട് ഇരിക്കുന്നതേയുള്ളൂ.”അവൻ യഥാർത്ഥ ലാസറാണോ എന്ന് എനിക്ക് സംശയമുണ്ട്. നാം എല്ലാവരും മാർത്തയും ലാസറും മറിയയും ആയിരിക്കണം. ആരെങ്കിലും നിങ്ങളുടെ പേര് ചോദിക്കുമ്പോൾ, നിങ്ങൾ മറുപടി പറയണം“എന്റെ പേര്, മാർത്ത-ലാസർ-മറിയ”എന്ന്. ഇതാണ് നമുക്കെല്ലാം ഉണ്ടായിരിക്കേണ്ട ശരിയായ പേര്.

സഭാജീവിതത്തിൽ ഏറ്റവും ചുരുങ്ങിയത് മൂന്ന് കാര്യങ്ങളെങ്കിലും ഉണ്ടായിരിക്കണം എന്നു ഞാൻ വീണ്ടും പറയുന്നു: കർത്താവിനു വേണ്ടി ശുഷ്കാന്തിയുള്ള സേവനവും കർത്താവിന്റെ പുനരുത്ഥാന ജീവന്റെ ജീവനുള്ള സാക്ഷ്യവും കർത്താവിന്റെമേൽ ചൊരിയപ്പെട്ട തികഞ്ഞ സ്നേഹവും. നാം സത്യസന്ധമായി സഭാജീവിതം ആചരിക്കുകയാണെങ്കിൽ, നമുക്ക് സേവനവും സാക്ഷ്യവും കർത്താവിനോടുള്ള സ്നേഹവും ഉണ്ടായിരിക്കണം. നാം എല്ലാവരും മാർത്തയും ലാസറും മറിയയും ആയിരിക്കണം. അത്തരം ഒരു സഭ, കർത്താവ് നമുക്ക് ജീവനായിരിക്കുന്നതിന്റെ പരിണതിയും അനന്തരഫലവും ആണ്. പതിനൊന്നാം അദ്ധ്യായത്തിന്റെ ഫലമാണ് പന്ത്രണ്ടാം അദ്ധ്യായം. ഈ തരത്തിലുള്ള സേവനവും സാക്ഷ്യവും സ്നേഹവും കർത്താവ് നമുക്ക് പുനരുത്ഥാനജീവൻ ആയിരിക്കുന്നതിൽനിന്ന് പുറത്തുവരുന്നു. ഈ ചുമതലകളോടൊപ്പം യഥാർത്ഥ സഭാജീവിതം ഉണ്ട്. യഥാർത്ഥ സഭാജീവിതത്തിൽ, കർത്താവിനോടുള്ള സേവനം നിർവ്വഹിക്കപ്പെടുകയും, കർത്താവിന്റെ സാക്ഷ്യം കാണപ്പെടുകയും, കർത്താവിനോടുള്ള സ്നേഹം പകരപ്പെടുകയും ചെയ്യുന്നു. ഇവിടെ മറ്റു വിശുദ്ധന്മാരോടൊപ്പം നമുക്ക് കർത്താവിനെ ആസ്വദിക്കുവാൻ കഴിയുന്നു; കർത്താവിനുതന്നെ സംതൃപ്തിയിൽ വസിക്കുവാനും വിശ്രമിക്കുവാനും വിരുന്നുകഴിക്കുവാനും കഴിയുന്നു. ഇതാണ്, കർത്താവിനെ ഉൾക്കൊള്ളുവാനും ആവിഷ്കരിക്കുവാനുമുള്ള പാത്രമായ കർത്താവിന്റെ ശരീരത്തിന്റെ യഥാർത്ഥ ആവിഷ്കാരം.

### *7. വ്യാജശിഷ്യൻ തിരിച്ചറിയുന്നു*

എങ്കിലും, ഇവിടെ വിവരിച്ചിരിക്കുന്ന സഭാജീവിതത്തിന്റെ ചിത്രത്തിൽ, പ്രതിലോമമായ ചിലതുണ്ട്-യൂദാ എന്ന കറുത്ത വടു(12:4). കർത്താവായ യേശു തിരഞ്ഞെടുത്ത പന്ത്രണ്ട് അപ്പൊസ്തലന്മാരുടെ ഇടയിൽപോലും ഒരു കറുത്ത വടുവായ യൂദാ ഉണ്ടായിരുന്നു. എല്ലാ നൂറ്റാണ്ടുകളിലും, ഉടനീളം സഭകളിൽ എപ്പോഴും കറുത്ത വടുവുണ്ടായിരുന്നു. മഹത്വപൂർണ്ണമായ സഭാജീവിതം എല്ലായ്പ്പോഴും ചില

വ്യാജന്മാരാൽ വടുവുള്ളതാണ്. അങ്ങനെയാണെങ്കിലും, കർത്താവായ യേശുതന്നെ നേരിട്ട് സ്ഥാപിച്ച സഭയിൽപോലും ഒരു കറുത്ത വടു ഉണ്ടായിരുന്നു എന്നത് വളരെ ആശ്വാസപ്രദമാണ്.

യൂദാ പണം ആഗ്രഹിച്ചു; അവൻ കർത്താവിനെ സ്നേഹിച്ചതിനെക്കാൾ വളരെയേറെ ദ്രവ്യത്തെ സ്നേഹിച്ചു. അതുകൊണ്ട് മറിയ കർത്താവിന് ചെയ്തത് അവൻ വിലമതിച്ചില്ല. അവൻ അതൊരു പാഴ്ചെലവായി കരുതി. യൂദാ പാവങ്ങൾക്കായി കരുതുന്നതായി നടിച്ചു. വാസ്തവത്തിൽ അത് സത്യമല്ലായിരുന്നു. അവൻ കരുതിയത് പണത്തെ മാത്രമായിരുന്നു. സഭാജീവിതത്തിൽ മിക്കപ്പോഴും ഇത്തരം കറുത്ത വടു ഉണ്ടായിരിക്കും. ദുഷ്ടന്റെ ദേഹരൂപമായ മാമോനാണ് കർത്താവിന്റെ യഥാർത്ഥ ശത്രു. മാമോനെ അതിജീവിക്കുന്നതിലെ പരാജയം സഭാജീവിതത്തിൽ പലപ്പോഴും കാണപ്പെടുന്നു. യൂദായ്ക്ക് മാമോനോടുള്ള സ്നേഹം അവനിലേക്ക് പ്രവേശിക്കുവാനും അവനെ ഏറ്റെടുക്കുവാനുമുള്ള ഇടം സാത്താനു നൽകി(13:2). കർത്താവിനെ സ്നേഹിക്കുന്നതിനു പകരം അവൻ അവനെ വഞ്ചിച്ചു! സഭാജീവിതത്തിൽ ഇത് പലപ്പോഴും ആവർത്തിക്കുന്നത് ലജ്ജാകരമാണ്.

### *8. മതം പീഡിപ്പിക്കുന്നു*

സഭാജീവിതത്തെ മതം പീഡിപ്പിക്കുന്നു. കർത്താവിന്റെ പുനരുത്ഥാനശക്തിയെ സാക്ഷ്യപ്പെടുത്തിയ ലാസറിനെ കൊല്ലേണ്ടതിന് യെഹൂദ പുരോഹിതന്മാർ കൂടിയാലോചന നടത്തി(12:10). കർത്താവിന്റെ പുനരുത്ഥാനശക്തിക്ക് അവൻ സ്പഷ്ടവും ശക്തവുമായ സാക്ഷ്യമായിരുന്നു. അത് മതാനുസാരികളുടെ വെറുപ്പിനെയും ഉപദ്രവത്തെയും ഇളക്കി. അത് ഇന്നും അങ്ങനെതന്നെയാണ്. കർത്താവ് നമ്മുടെ ജീവനാണെന്ന് ശക്തമായി നാം സാക്ഷ്യം വഹിക്കുന്തോറും മതാനുസാരികൾ നമ്മോട് ദ്വേഷ്യമുള്ളവരാകുവാൻ പ്രേരിപ്പിക്കപ്പെടും.

### *9. പരിശോധനയാവുകയും ജനത്തെ തുറന്നുകാട്ടുകയും ചെയ്യുന്നു*

സഭാജീവിതം ഒരു പരിശോധനയാണ്. അത് ജനത്തെ തുറന്നുകാട്ടുന്നു(12:6,10). അത് ഒരു വ്യക്തിയുടെ ഹൃദയം എവിടെയാണെന്നും അവന് കർത്താവിനോടുള്ള മനോഭാവം എന്താണെന്നും തുറന്നുകാട്ടുന്നു. സഭയില്ലാതെ ജനത്തിന്റെ ഹൃദയവും കർത്താവിനോടുള്ള മനോഭാവവും ഒരിക്കലും തുറക്കപ്പെടുവാൻ കഴിയുകയില്ല. സഭയുള്ളിടത്തോളം, എല്ലാം വെളിച്ചത്തുവരുന്നു. നിങ്ങളുടെ സ്ഥലത്ത് സഭയില്ലെങ്കിൽ കർത്താവിനോടുള്ള മനുഷ്യരുടെ ഹൃദയവും മനോഭാവവും രഹസ്യമായിരിക്കുകയും മറഞ്ഞിരിക്കുകയും ചെയ്യുന്നു.

എന്നാൽ, സഭാജീവിതത്തിൽ എല്ലാ മനുഷ്യരുടെയും ഹൃദയം തുറന്നുകാട്ടപ്പെടുന്നു. കർത്താവിനെ സംബന്ധിച്ച മനുഷ്യരുടെ ഹൃദയത്തിലുള്ള രഹസ്യചിന്തകളെ സഭ തുറന്നു കാട്ടുന്നു.

### *10. അനേക വിശ്വാസികളെ കൊണ്ടുവരുന്നു*

ലാസറിന്റെ സാക്ഷ്യം മുഖാന്തരം അനേകർ വിശ്വസിച്ചു എന്ന് 11-ാം വാക്യത്തിൽ നാം കാണുന്നു. സഭയുടെ ജീവനുള്ള സാക്ഷ്യം ജനം കർത്താവിൽ വിശ്വസിക്കുവാനും ജനത്തെ സഭാജീവിതത്തിലേക്ക് കൊണ്ടുവരുവാനും ഇടയാക്കുന്നു. സഭയുടെ വർദ്ധനവ് സുവിശേഷം പ്രസംഗിക്കുന്നതിനെ മാത്രമല്ല, സഭയുടെ ജീവനുള്ള സാക്ഷ്യത്തെയും ആശ്രയിച്ചിരിക്കുന്നു. സഭയെ വർദ്ധിപ്പിക്കുന്ന, സുവിശേഷത്തിന്റെ ഏറ്റവും നല്ല പ്രസംഗം കർത്താവിനെ ജീവനായി അനുഭവിക്കുന്നതിനെക്കുറിച്ചുള്ള നമ്മുടെ ജീവനുള്ള സാക്ഷ്യമാണ്.

സഭാജീവിതത്തിന്റെ ഈ വശങ്ങളെല്ലാം നാം പരിഗണിക്കുമ്പോൾ, ബേഥാന്യയിലുള്ള ഭവനം സഭയുടെ ഒരു മുൻകുറിയായിരുന്നു എന്നു പറയുന്നത് അധികമാവുകയില്ല. നാം അവിടെ സഭാജീവിതം കാണുന്നുവല്ലോ.

## C. കർത്താവ് ജനത്തിന് ഒരു പരിശോധന

ജനത്തിന് പരിശോധനയും തുറന്നുകാട്ടലുമായി ഇരിക്കുന്നത് സഭ മാത്രമല്ല, കർത്താവുതന്നെയും തന്റെ ചുറ്റുമുള്ള ജനങ്ങൾക്കെല്ലാം ഒരു പരിശോധനയാണ്. മുഖ്യ പുരോഹിതന്മാരും പരീശന്മാരും അവനെ കൊല്ലുവാൻ ഗൂഢാലോചന നടത്തി(11:47,53,57). കുഷ്ഠരോഗിയായ ശിമോനിൽ ഒരു വ്യത്യസ്ത മനോഭാവം നാം കാണുന്നു. കാരണം അവൻ, അവനുവേണ്ടി ഭവനം ഒരുക്കി(മത്താ.26:6). മാർത്ത ശുശ്രൂഷിച്ചു. ലാസർ അവനെ സാക്ഷ്യപ്പെടുത്തി, മറിയ അവനെ സ്നേഹിച്ചു, യൂദാ അവനെ തള്ളിപ്പറയുവാൻ തുടങ്ങുകയായിരുന്നു. മറ്റുള്ളവർ പലരും അവനിൽ വിശ്വസിച്ചു. വിവിധമായ ഈ മനോഭാവങ്ങളെല്ലാം ഒരേ യേശുവിനോടായിരുന്നു കാണിച്ചിരുന്നത്. നിങ്ങൾ എവിടെയാണ്? (നിങ്ങൾ അവനെ കൊല്ലുവാൻ ശ്രമിക്കുകയാണോ, അതോ അവനെ ശുശ്രൂഷിക്കുകയാണോ, അവനെ സാക്ഷ്യപ്പെടുത്തുകയാണോ, അവനെ സ്നേഹിക്കുകയാണോ, അതോ അവനെ വഞ്ചിക്കുവാൻ വശീകരിക്കപ്പെടുകയാണോ?) നിങ്ങൾക്ക് ഒരിക്കലും നിഷ്പക്ഷനായിരിക്കുവാൻ കഴിയുകയില്ല. നിങ്ങൾ എന്തെങ്കിലും ചെയ്യണം. തന്റെ സഭയിലുള്ള കർത്താവുതന്നെ തന്റെ ചുറ്റുമുള്ളവർക്കെല്ലാം ഒരു പരിശോധനയാണ്.